കേരള പോലീസ്
KERALA POLICE

**ജില്ലാ പോലീസ്, കോട്ടയം.**

## സി.പി.ഐ(എം) കോട്ടയം ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് 04-01-2018 തീയതി കോട്ടയം നഗരത്തിലും പരിസരങ്ങളിലും ഉച്ചയ്ക്ക് 01.00 മണി മുതൽ ഏർപ്പെടുത്തുന്ന ഗതാഗത ക്രമീകരണങ്ങൾ.

1. ചങ്ങനാശ്ശേരിയിൽ നിന്നും കോട്ടയത്തേയ്ക്ക് വരുന്ന സർവ്വീസ് ബസ്സുകൾ ഒഴികെ ഉള്ള ഭാര വാഹനങ്ങൾ ചിങ്ങവനം - ഗോമതിക്കവല വഴി തിരിഞ്ഞ് പാക്കിൽ കടുവാക്കുളം - പുതുപ്പള്ളി മണർകാട് - തിരുവഞ്ചൂർ - ഏറ്റുമാനൂർ വഴി പോകേണ്ടതാണ്.
2. ഏറ്റുമാനൂർ നിന്ന് തിരുവനന്തപുരം ഭാഗത്തേയ്ക്കുള്ള സർവ്വീസ് ബസ്സുകൾ ഒഴികെ ഉള്ള ഭാര വാഹനങ്ങൾ ഏറ്റുമാനൂർ പേരൂർ കവലയിൽ നിന്നും തിരിഞ്ഞ് തിരുവഞ്ചൂർ - മണർകാട് - പുതുപ്പള്ളി - ഞാലിയാകുഴി- തെങ്ങണ - ചങ്ങനാശ്ശേരി വഴി പോകേണ്ടതാണ്.
3. കെ. കെ. റോഡിൽ നിന്നും കോട്ടയത്തെക്കുള്ള സർവ്വീസ് ബസുകൾ ഒഴികെയുള്ള ഭാരവണ്ടികൾ വടക്കോട്ട് പോകേണ്ടവ മണർകാട് - ഏറ്റുമാനൂർ വഴിയും തെക്കോട്ട് പോകേണ്ടവ മണർകാട് - പുതുപ്പള്ളി റോഡിലൂടെയും പോകേണ്ടതാണ്.
4. ഏറ്റുമാനൂരിൽ നിന്നും MC റോഡ് വഴി കോട്ടയം ടൌണിലേയ്ക്കുള്ള ബസ്സുകൾ നാഗമ്പടം സ്റ്റാൻഡിൽ സർവീസ് അവസാനിപ്പിച്ച് അവിടെ നിന്നും തിരികെ പോകേണ്ടതാണ്.
5. കുമരകം ഭാഗത്ത് നിന്നും വരുന്ന എല്ലാ വാഹനങ്ങളും ഇല്ലിക്കൽ ജംഷനിൽ നിന്നും വലത്തോട്ട് തിരിഞ്ഞ് തിരുവാതുക്കൽ - കാരാപ്പുഴ വഴി പുളിമൂട് ജംഷനിൽ എത്തി റോഡ് ക്രോസ് ചെയ്ത് KSRTC വഴി കോടിമത മാർക്കറ്റ് റോഡിൽ എത്തി പുതുപ്പള്ളി ചങ്ങനാശേരി ഭാഗത്തേയ്ക്ക് പോകേണ്ടതും, ബേക്കർ ജംഗ്ഷനിൽ വരുന്ന വാഹനങ്ങൾ CMS, ഇല്ലിയ്ക്കൽ ഭാഗത്തേയ്ക്ക് പോകേണ്ടതാണ്.
6. 04-01-18 തീയതി ഉച്ചയ്ക്ക് ഒരു മണി മുതൽ വൈകിട്ട് ഒമ്പത് മണി വരെ ഭാരവണ്ടികൾക്ക് ടൌണിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.
7. കെ.കെ റോഡിലൂടെ പോകേണ്ടുന്ന വാഹനങ്ങൾ ലോഗോസ് ജങ്ഷൻ - റബ്ബർ ബോർഡ് - ഇറഞ്ഞാൽ വഴി കഞ്ഞിക്കുഴിയിൽ എത്തി കെ. കെ റോഡിൽ പ്രവേശിക്കേണ്ടതാണ്.

പൊതുജനങ്ങൾക്കുണ്ടാകുന്ന അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനായി ഫയർഫോഴ്സ്, ആംബുലൻസ്, Control Room വാഹനങ്ങൾ, കഞ്ഞിക്കുഴി, SH Mount, ഇല്ലിക്കൽ, കോടിമത എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചു നിയോഗിച്ചിട്ടുള്ളതാണ് .

04-01-18 -ൽ നടക്കുന്ന സമ്മേളന സമയം പൊതുജനങ്ങൾക്കെന്തെങ്കിലും അടിയന്തിര സഹായം വേണ്ടി വന്നാൽ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

Control Room – SI – 9497931828
ഇല്ലിക്കൽ – CRV–I – 9497911205
കോടിമത– CRV–II – 9497911219
കഞ്ഞിക്കുഴി– CRV–III – 9497911198
SH Mount – CRV–IV – 9497910870

**സി.പി.ഐ(എം) കോട്ടയം ജില്ലാ സമ്മേളനത്തിനെത്തുന്ന പ്രവർത്തകരുടെ വാഹനങ്ങൾ താഴെപ്പറയുന്ന രീതിയിൽ പാർക്ക് ചെയ്യേണ്ടതാണ്.**

കടുത്തുരുത്തി, ഏറ്റുമാനൂർ, വൈക്കം, തലയോലപ്പറമ്പ്, പാല, പൂഞ്ഞാർ എന്നീ ഏരിയാ കമ്മറ്റികളിൽ നിന്നും വരുന്ന വാഹനങ്ങൾ മംഗളം ജംഗ്ഷനിൽ നിന്ന് ഇടത്തോട്ട് തിരിഞ്ഞ് വട്ടമൂട് പാലം ഭാഗത്ത് ആളെ ഇറക്കിയ ശേഷം കൊശമറ്റം കവല – മോസ്കോ കവല വഴി തിരുവഞ്ചൂർ എത്തി ഏറ്റുമാനൂർ– മണർകാട് ബൈ പാസ്സ് റോഡിൽ ഇടതു വശം ചേർത്ത് ഒറ്റവരിയായി പാർക്ക് ചെയ്യേണ്ടതാണ്.

പ്രവർത്തകർ അവിടെ നിന്നും കാൽ നടയായി പോപ്പ് മൈതാനത്ത് എത്തേണ്ടതാണ്. വാഹനത്തിൽ നിന്നിറങ്ങി അവിടെ നിന്നും കാൽനടയായി പോകുന്ന പ്രവർത്തകർ വാഹന ഗതാഗതത്തിന് തടസ്സമുണ്ടാക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

നാഗമ്പടം പോപ്പ് മൈതാനത്തു നിന്ന് റാലി ആരംഭിച്ച് പ്രവർത്തകർ പ്രകടനമായി പോയി കഴിയുമ്പോൾ ഏറ്റുമാനൂർ– മണർകാട് ബൈ പാസ്സ് റോഡിൽ പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ പാലാ, പൂഞ്ഞാർ എന്നീ ഏരിയാ കമ്മറ്റികളിൽ നിന്നും വരുന്ന വാഹനങ്ങൾ നാഗമ്പടം മൈതാനത്തിനു എതിർ വശത്തുള്ള ഹെവൻലി ഫീസ്റ്റ് ഗ്രൌണ്ടിലും, തലയോലപ്പറമ്പ് ഏരിയയിൽ നിന്നുള്ള വാഹനങ്ങൾ നാഗമ്പടം സ്റ്റേഡിയാത്തിനു മുൻപുള്ള പാർക്കിംഗ് സ്ഥലത്തും കടുത്തുരുത്തി, ഏറ്റുമാനൂർ, വൈക്കം എന്നീ ഏരിയാ കമ്മറ്റികളിൽ നിന്നുള്ള വാഹനങ്ങൾ പോപ്പ് മൈതാനത്തും കൊണ്ടുവന്ന് പാർക്ക് ചെയ്യേണ്ടതാണ്. വൈകിട്ട് ഏഴ് മണി വരെ പാർക്കിംഗ് സ്ഥലത്ത് നിന്നും വാഹനങ്ങൾ പുറത്തുപോകുവാൻ അനുവദിക്കുന്നതല്ല. വട്ടമൂട് പാലത്തിനു സമീപം ഇറങ്ങിയ പ്രവർത്തകർ പ്രകടനത്തിന് ശേഷം പോപ്പ് മൈതാനം, ഹെവൻലി ഫീസ്റ്റ് ഗ്രൌണ്ട്, നാഗമ്പടം സ്റ്റേഡിയാത്തിനു മുൻപുള്ള പാർക്കിംഗ് സ്ഥലം എന്നിവിടങ്ങളിൽ എത്തി അതാതു വാഹനങ്ങളിൽ കയറേണ്ടതാണ്.

കാഞ്ഞിരപ്പള്ളി, വാഴൂർ, പുതുപ്പള്ളി, അയർക്കുന്നം, ഏരിയാ കമ്മറ്റികളിൽ നിന്നുമുള്ള വാഹനങ്ങൾ കളക്ടേറ്റ് ജംഗ്ഷൻ കഴിഞ്ഞ് Pay & Park–നു സമീപവും, മനോരമ ജംഗ്ഷനിൽ നിന്നും ഇടത്തേയ്ക്ക് തിരിഞ്ഞ് ഈരയിൽ കടവ് –മനോരമ റോഡിലും ആളെ ഇറക്കിയതിനു ശേഷം ഈരയിൽ കടവിൽ എത്തി പാലം കഴിഞ്ഞ് ഈരയിൽക്കടവ് – മണിപ്പുഴ ബൈപ്പാസിൽ വാഹനം പാർക്ക് ചെയ്യേണ്ടതാണ്. നാലുമണിക്ക് ശേഷം കെ. കെ റോഡിൽ കിഴക്ക് നിന്നും വരുന്ന വാഹനങ്ങൾ കഞ്ഞിക്കുഴിയിൽ നിന്നും ഇടത്തേയ്ക്ക് ദേവലോകം റോഡിലേക്ക് തിരിച്ചു നിർത്തി പ്രവർത്തകരെ ഇറക്കിയ ശേഷം വാഹനങ്ങൾ ദിവാൻ കവല –മൂലേടം മേൽപ്പാലം വഴി മണിപ്പുഴ–ഈരയിൽക്കടവ് റോഡിൽ പാർക്ക് ചെയ്യേണ്ടതാണ്. പ്രവർത്തകർ കാൽനടയായി പോപ്പ് മൈതാനത്ത് എത്തി ചേരേണ്ടതാണ്.

ചങ്ങനാശ്ശേരി ഏരിയാ കമ്മറ്റിയിൽ നിന്നുമുള്ള വാഹനങ്ങൾ പുളിമൂട് ജങ്ഷനിൽ നിന്നും വലത്തോട്ട് തിരിഞ്ഞ് ഭിമാ ജമ്ഷനും കെ.എസ് ആർ ടി സി ക്കും ഇടയിൽ അനുപമ തീയറ്റർ ജങ്ഷനിൽ ഇടതുവശം ചേർന്ന് ആളെ ഇറക്കി കെ. എസ് ആർ ടി സി – ഐഡ – കോടിമത വഴി ഈരയിൽകടവ് – മണിപ്പുഴ ബൈപാസ് റോഡിൽ കൊണ്ടുപോയി പാർക്ക് ചെയ്യേണ്ടതാണ് .

കുമരകം, തിരുവാർപ്പ് മേഖലയിൽ നിന്ന് വരുന്ന വാഹനങ്ങൾ ചാലുകുന്ൻ– ബേക്കർ –സിയെഴ്സ് വഴി കുര്യൻ ഉതുപ്പ് റോഡിൽ ഉള്ള ലോറി പാർക്കിംഗ് ഗ്രൗണ്ടിൽ ആളെ ഇറക്കി അവിടെ തന്നെ പാർക്ക് ചെയ്യേണ്ടതാണ്.

റെഡ് വാളണ്ടിയർമാരുമായി വരുന്ന വാഹനങ്ങൾ കലക്ടേറ്റിനു സമീപം ആളെ ഇറക്കിയ ശേഷം ഈസ്റ്റ് പോലിസ് സ്റ്റേഷന് എതിർ വശത്തുള്ള പേ ആൻഡ് പാർക്ക് ഗ്രൌണ്ടിലോ പി. ജെ ടിമ്പേഴ്സിന് എതിർ വശത്ത് (എം ഡി സെമിനാരി സ്കൂളിനു സമീപം) ഉള്ള ഗ്രൌണ്ടിലോ പാർക്ക് ചെയ്യേണ്ടതാണ്.

Sd/-

കോട്ടയം ജില്ലാ പോലീസ് മേധാവിക്കു വേണ്ടി